# സാന്റാ

ജോൺ കണ്ണു തുറന്നത് കാലടികൾ അമരുന്ന ശബ്ദം കേട്ടാണ്. അവന് കേൾവിശക്തി കൂടുതലാണ്. പ്രത്യേകിച്ചും രാത്രിയിൽ. ഉറക്കത്തിൽ അവന്റെ മൂന്നാംകണ്ണ് തുറന്നിരിക്കും. പകലെന്നൊ രാത്രിയെന്നൊ ഇല്ലാതെ അവന്റെ കാതുകൾ ശബ്ദങ്ങൾക്കായി കാത്തിരിക്കും. ചുവപ്പ് നിറത്തിലുള്ള കമ്പിളിപുതപ്പിനുള്ളിൽ നിന്നും തല പുറത്തേക്ക് നീട്ടി ജോൺ ഒന്നു കൂടി ശ്രദ്ധിച്ചു. ഇതു മമ്മിയുടെ കാലടി ശബ്ദമല്ല. അവനത് തീർച്ചയുണ്ട്. അവന്റെ മമ്മി വീട്ടിനുള്ളിൽ പ്രവേശിച്ചാലുടൻ അവരുടെ പ്രിയ പർഫ്യൂമിന്റെ ഗന്ധം മുറി മുഴുവൻ നിറയും. എരിവ് മണമാണതിന്. ജോണിനു ആ ഗന്ധം ഒട്ടുമിഷ്ടമല്ല. ഡാഡിക്ക് യൂഡി കോളോണിന്റെ മണമാണ്. ഒട്ടും ചേർന്നു പോകാത്ത രണ്ട് മണങ്ങൾ. രാവിലെ അവന്റെ കട്ടിലിന്റെ ഇരുവശത്തുമായി അവർ ഇരിക്കുമ്പോൾ, ഇരുകവിളിലുമായി ഉമ്മ തരുമ്പോൾ അവൻ ശ്വാസം പിടിച്ചിരിക്കും. പകൽ സമയത്ത് അവനെ ഏൽപ്പിച്ചു പോകുന്ന കാത്തി ആന്റിക്ക് മറ്റൊരു മണമാണ്. മനുഷ്യരെ മണം കൊണ്ട് തിരിച്ചറിയാനും ഒരോ മണത്തിനും ഒരോ മുഖം ചേർത്തു വെയ്ക്കാനും അവൻ പഠിച്ചിരിക്കുന്നു.

അവൻ ശബ്ദങ്ങൾ ശ്രദ്ധിച്ചു. ഫാനിന്റെ ശബ്ദം, പുറത്ത് വീശുന്ന കാറ്റിന്റെ ശബ്ദം, മഴയുടെ ശബ്ദം?. കാലടിശബ്ദങ്ങൾ? ഇല്ല, ഒരു ശബ്ദവുമില്ല. വൈകിട്ട് കരോൾ പാർട്ടി വന്ന് പോയതാണ്. മണികിലുക്കവും, ഗിത്താറിന്റെ ശബ്ദവും.. സന്തോഷത്തിന്റെ, ആഘോഷത്തിന്റെ ശബ്ദങ്ങൾ. എത്ര പെട്ടെന്നാണ് ശബ്ദങ്ങളില്ലാതെയാവുന്നത്?. അവൻ വീണ്ടും ചുവന്ന കമ്പിളിക്കുള്ളിലേക്ക് തല വലിച്ചു. കമ്പിളിക്കുള്ളിൽ ഇരുട്ടാണ്. മുഴുവനും കറുപ്പ്. ഉള്ളിലും പുറത്തും കറുപ്പ്. അവന് തോന്നാറുണ്ട് അവനെപ്പോഴും ഒരു കമ്പിളിപുതപ്പിനുള്ളിലാണെന്ന്. എന്തായിരുന്നു താൻ കണ്ടു കൊണ്ടിരുന്ന സ്വപ്നം?. നല്ല രസമുള്ളതായിരുന്നു. മുറിഞ്ഞു പോയ സ്വപ്നത്തിന്റെ ബാക്കി തിരഞ്ഞ് അവൻ ഉറക്കത്തിലേക്ക് പോയി. വീണ്ടും ഒരു ശബ്ദം കേട്ടോ?. അവൻ സ്വപ്നത്തിന്റെ നേർത്ത പാളികൾക്കിടയിലൂടെ പുറത്ത് വന്നു. വന്നതും അവനെ ഉപേക്ഷിച്ച് സ്വപ്നം മറഞ്ഞു. ഈ തവണ അവൻ, ഉറങ്ങരുത് എന്ന് സ്വയം പറഞ്ഞു. കണ്ണുകൾ തുറന്നു പിടിക്കണം. ഇരുട്ടാണെങ്കിൽ കൂടിയും. ആരോ വീട്ടിനുള്ളിലുണ്ട്!. അത് മമ്മിയുമല്ല, ഡാഡിയുമല്ല!. മറ്റാരോ..
അവൻ മൂക്ക് വിടർത്തി ആഞ്ഞ് ശ്വാസമെടുത്തു. ഒരു പ്രത്യേക ഗന്ധം. മരുന്ന്?. എണ്ണ?..കാത്തി ആന്റി കാലിൽ പുരട്ടാനുപയോഗിക്കുന്ന.. ഇനി കാത്തി ആന്റിയാണൊ മുറിയിൽ?!.

ആന്റീ.. എന്നൊന്ന് നീട്ടി വിളിച്ചാലോ?. ഏയ്! ആന്റി എങ്ങനെയാ ഇവിടെ വരുന്നത്?. ആന്റി നാളെ രാവിലെയെ വരുള്ളൂ. പക്ഷെ തീർച്ചയാണ്. മറ്റാരോ മുറിയിലുണ്ട്. തന്റെ മുന്നിൽ ആരോ കൈ വീശുന്നതായി തോന്നിയവന്. അവൻ കണ്ണുകൾ വിടർത്തി. ഒപ്പം മൂക്കും. ഇപ്പോൾ ശരിക്കും മണമറിയാൻ കഴിയുന്നുണ്ട്.
ഇരുമ്പിന്റെ..തുരുമ്പിന്റെ..മണ്ണിന്റെ..ഇലകളുടെ..ആരാണ്? അല്ല..എന്താണ്?

“നിനക്ക് ഒന്നും കണ്ടൂടെ?”. ഒരു പതിഞ്ഞ, പരുക്കൻ ശബ്ദം. അവൻ ഞെട്ടി കട്ടിലിൽ ചുവരിനോട് ചേർന്നിരുന്നു. ശബ്ദത്തിന്റെ ഉടമയും അവന്റെയൊപ്പം പിന്നിലേക്ക് വന്നതവനറിഞ്ഞു. ഇപ്പോൾ ഉച്ഛ്വാസവായു കവിളിലടിക്കുന്നതറിയാം. അരോ തന്റെ മുഖത്തിനു തൊട്ടടുത്തുണ്ട്!.

ജോണിനു ആരാണ് തന്റെ സമീപമെന്നു ചോദിക്കണമെന്നുണ്ട്. പക്ഷെ ഭയം അവന്റെ നാവിനെ അമർത്തി വെച്ചു.
“നീ ഇവിടെ ഒറ്റയ്ക്കാണൊ?” വീണ്ടും അതേ ശബ്ദം. ഇത്തവണ രഹസ്യം ചോദിക്കും പോലെ ആയിരുന്നത്.

ഒന്നും മിണ്ടാതെ “അതെ” എന്ന മട്ടിൽ അവൻ തലയാട്ടി.
ഛേ..അങ്ങനെ പറയണ്ടായിരുന്നു. പക്ഷെ..അല്ലെന്നു പറഞ്ഞിട്ടും എന്തു കാര്യം?

വന്നയാൾ ജോണിനെ തന്നെ നോക്കിയിരിക്കുകയായിരുന്നു.
എത്ര വയസ്സ് വരും?..ഏറിയാൽ എട്ട്..അതിനപ്പുറമുണ്ടാവില്ല..രാജുവിന്റെ അത്രയുമെ വലുപ്പമുള്ളൂ..അപ്പോൾ ഇവനും അതേ പ്രായമല്ലെ ഉണ്ടാവൂ?.

“ഉം..” എന്നു മൂളിയിട്ട് ശബ്ദം അകന്നു പോകുന്നത് ജോൺ മനസ്സിലാക്കി.
അവൻ പുതപ്പ് വലിച്ച് കഴുത്ത് വരെ മൂടി ചുമരു ചാരി തന്നെ ഇരുന്നു.

അല്പ നേരം കഴിഞ്ഞ് വീണ്ടും തുരുമ്പ് മണം അവന് അനുഭവപ്പെട്ടു. കാറ്റു വരുന്നത് പോലെയാണിയാൾ വരുന്നത്. മണം കൊണ്ട് മാത്രം തിരിച്ചറിയാം. അവൻ പുതപ്പ് മുറുകെ പിടിച്ചു.

“എവിടെ പോയി എല്ലാരും?“
ശരിക്കും തുരുമ്പ് തന്നെ. കര കരാന്നുള്ള ശബ്ദം.
”അറിഞ്ഞൂടാ“
”നിനക്ക് തണുക്കുന്നുണ്ടോ?“
”ഉം ഉം...എനിക്ക് വെള്ളം വേണം“ അവനു തൊണ്ട വരണ്ടു പോകുന്നത് പോലെ തോന്നി തുടങ്ങിയിരുന്നു. ഫാനിട്ടിട്ടും വിയർക്കുന്നുണ്ടോ എന്ന് സംശയം.
”ഉം..“
മേശയുടെ അടുത്തേക്ക് അകന്നു പോകുന്ന കാലടി ശബ്ദം. ഇപ്പോൾ ശബ്ദം വ്യക്തമായി കേൾക്കാം. ഇപ്പൊഴെങ്ങനെ ശബ്ദം വന്നു? അവൻ ആശ്ചര്യപ്പെട്ടു.
കൂജയിൽ നിന്നും ഗ്ലാസ്സിലേക്ക് വെള്ളമൊഴുകുന്നതു കേട്ടു.
അല്പ നേരം കഴിഞ്ഞ് വീണ്ടും.
”ദാ കുടിക്ക്“ അവൻ കൈ നീട്ടിയെങ്കിലും അതിനു മുൻപ് ചുണ്ടിൽ തണുത്ത ഗ്ലാസ് വന്നു മുട്ടിയതറിഞ്ഞു.
രണ്ടു കൈ കൊണ്ടും അവൻ ഗ്ലാസ്സ് ഒരു പ്രാവിനെ ചേർത്തു പിടിക്കും പോലെ പിടിച്ചു.
വെള്ളം കുടിക്കുമ്പോൾ അവനു തോന്നി മുന്നിലിരിക്കുന്ന ആൾ തന്നെ സൂക്ഷിച്ചു നോക്കുകയാണെന്ന്. അതെപ്പോഴും ശരിയായിരിക്കും. അവന്റ് തോന്നലുകൾ പിഴയ്ക്കുക അപൂർവ്വം.
സത്യവുമതായിരുന്നു. അയാൾ അവനെ തന്നെ നോക്കിയിരിക്കുകയായിരുന്നു.
കുടിച്ചു കഴിഞ്ഞ് അവൻ ചുണ്ടിൽ നിന്നു തൂങ്ങിയിറങ്ങാൻ നോക്കിയ തുള്ളിയെ വസ്ത്രത്തിന്റെ തുമ്പ് കൊണ്ട് തുടച്ചു മാറ്റി.

”നീ ജനിച്ചപ്പോഴെ ഇങ്ങനെ ആയിരുന്നൊ?“
”ഉം ഉം..എനിക്ക് നാല് വയസ്സ് വരെ എല്ലാം കാണാരുന്നു..“
”പിന്നെന്തു പറ്റി?“
”അറിഞ്ഞൂടാ..പതുക്കെ പതുക്കെ..എല്ലാം മങ്ങി പോയി..“

”ഇപ്പൊ നിനക്ക് ഒന്നും കണ്ടൂടാ?“
”ഇല്ല..“ അവൻ തല കുനിച്ചു.
“ഒട്ടും?..നിഴലു പോലും?”
അവൻ കഴിയില്ലെന്നു തലയാട്ടി.

ഒരു ദീർഘ നിശ്വാസത്തിന്റെ ശബ്ദം അവൻ കേട്ടു. പിന്നെ അകന്നു പോകുന്ന കാലടികളും. അയാൾ മുറി പരിശോധിക്കുകയാണ്. അവനത് മനസ്സിലായി.

“നിനക്ക് ഒരുപാട് കളിപ്പാട്ടമുണ്ടല്ലൊ!”
അവൻ ചിരിച്ചു. നനഞ്ഞ ഒരു ചിരിയായിരുന്നു അത്.
കളിപ്പാട്ടമുണ്ട്..പല നിറങ്ങളുള്ള കളിപ്പാട്ടങ്ങൾ.
ഏതു നിറത്തിലും കാണാവുന്ന കളിപ്പാട്ടങ്ങൾ.

“നീ ഇതൊക്കെ വെച്ച് എങ്ങനെ കളിക്കും?. നിനക്ക് ഒന്നും കണ്ടൂടല്ലൊ..”
“എനിക്കെല്ലാം കാണാം!” അവന്റെ ഉത്തരത്തിൽ പ്രതിഷേധവും, ഉത്സാഹവുമുണ്ടായിരുന്നു. അതു പറഞ്ഞു കഴിഞ്ഞപ്പോഴേക്കും അവന് അയാളോടുള്ള ഭയം മുഴുവൻ മാഞ്ഞു പോയിരുന്നു.
പുതപ്പ് മാറ്റി അവൻ കട്ടിൽ നിന്നും ഇറങ്ങി നടന്നു, കൈകൾ നീട്ടി പിടിച്ച്.

മുറിയുടെ മൂലയിൽ തന്നെ ചെന്ന് അവൻ കുനിഞ്ഞു. അവിടെ ഉണ്ടായിരുന്നു വലിയ പ്ലാസിക്ക് പെട്ടിയിലേക്ക് അവൻ കൈ നീട്ടി.
ഒരു ചെറിയ കാറെടുത്ത് ഉയർത്തിയിട്ട് അവൻ പറഞ്ഞു,
“ഇതാണെന്റെ ചുവന്ന കാറ്”.
ആ കാറിനു നിറം പച്ച ആണെന്നത് ശ്രദ്ധിച്ചുവെങ്കിലും അയാളത് തിരുത്തുവാൻ മുതിർന്നില്ല. അയാൾ ജിജ്ഞാസയോടെ അവനെ തന്നെ നോക്കിയിരിക്കുകയായിരുന്നു.
“ഇതാണ് എന്റെ ട്രെയിൻ” അവൻ തുടർന്നു.
“ഇത് മിഷ” ഒരു ടെഡ്ഡി ബീയറായിരുന്നു അപ്പോഴവന്റെ കൈയ്യിൽ.
“ഇതാണെന്റെ ഡ്രോയിംഗ് ബുക്ക്” അതു പറഞ്ഞ് അവൻ മേശപ്പുറത്തേക്ക് കൈ നീട്ടി ഒരു പുസ്തകമെടുത്തു.
“എവിടെ നോക്കട്ടെ” അയാൾ ഉത്സാഹപൂർവ്വം അവന്റെ കൈയ്യിൽ നിന്നത് വാങ്ങി.

പേജുകൾ മറിക്കുന്ന ശബ്ദം.
“നല്ല പടങ്ങളാണല്ലൊ” അയാൾ അഭിപ്രായപ്പെട്ടു.
അതിലെ അളവും ക്രമവുമില്ലാത്ത നിറങ്ങളും, പടർന്നു ആകൃതിയില്ലാത്ത രൂപങ്ങളും നോക്കി അയാൾ നിന്നു.
“ഇതൊക്കെ നീ വരച്ചതാണൊ?” അതു ചോദിക്കുമ്പോൾ തൊണ്ട ഇടറാതിരിക്കാൻ അയാൾ പരമാവധി ശ്രമിച്ചു.
“എന്താ?” അവൻ പെട്ടിയിൽ മറ്റെന്തോ തിരയുന്ന തിരക്കിലായിരുന്നു..
“എന്റെ ആനക്കുട്ടിയെ കാണുന്നില്ല..ഞാനിവിടെ വെച്ചതാണല്ലൊ” അവൻ പരിഭവത്തോടെ പറഞ്ഞു.
“ഓ..അതിവിടെ ഉണ്ട്..ഞാനെടുത്ത് മാറ്റിയതാ” അയാൾ പശ്ചാത്താപത്തോടെ പറഞ്ഞു.
അതു പറഞ്ഞു അവന്റെ കൈ പിടിച്ച് അയാൾ ആനക്കുട്ടിയെ വെച്ചു കൊടുത്തു.
“ങാ!” അവൻ ആശ്വാസത്തോടെ അതിന്റെ തുമ്പികൈ ചൂണ്ടു വിരൽ കൊണ്ട് തൊട്ടു.

“നിനക്ക് ഒറ്റക്ക് ഇങ്ങനെ ഇരിക്കാൻ പേടിയില്ലെ?”
“ഏയ്!.. എനിക്ക് പേടിയൊന്നുമില്ല” ധൈര്യം നിറഞ്ഞ ശബ്ദം.
അയാൾ രാജുവിനെ കുറിച്ചോർത്തു. അവന് ഏറ്റവും പേടിയുള്ളത് ഇരുട്ടിനെയാണ്.
തനിക്കോ ഏറ്റവും പ്രിയം ഇരുട്ടിനെ..

“അങ്കിൾന്റെ പേരെന്താ?”
“ങെ?”
പേര്..അയാൾ ചുറ്റും നോക്കി.
എന്താണ് തന്റെ പേര്?..മേശയുടെ ഒരു മൂലയിൽ ഒരു പാവ കണ്ടു, ചുവപ്പും വെളുപ്പും നിറമുള്ള തൊപ്പി ധരിച്ച, വെളുത്ത താടിയുള്ള..
“എന്റെ പേര്.. സാന്റ!” അയാൾ ചെറിയ ചിരി നിറച്ചു കൊണ്ട് പറഞ്ഞു.
“ഓ! സാന്റാ ക്ലോസ്!!” അതു പറഞ്ഞ് അവൻ ചിരിക്കാൻ തുടങ്ങി.
“സാന്റാ ക്ലോസിനു താടിയുണ്ടോ?” അവൻ കൈ നീട്ടി തൊടാൻ ശ്രമിച്ചു.
അയാൾ അവന്റെ കൈയുടെ അടുത്തേക്ക് മുഖം അടുപ്പിച്ചു.
കുറ്റി രോമങ്ങളെ തൊട്ടിട്ട്,
“സാന്റയ്ക്ക് താടിയില്ലല്ലോ”
“അതൊരു കഥയാണ്”
“എന്തു കഥ?”“
”ഇരിക്ക് ..പറഞ്ഞു തരാം“ അയാൾ അവന്റെ കൈയ്യിൽ പിടിച്ച് താഴേക്കിരുത്തി.
എന്തു തണുത്ത കൈ..നനഞ്ഞതു പോലുണ്ട്.. അവനതു ശ്രദ്ധിച്ചു.

രണ്ടു പേരും ഇരുന്നു കഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു തുടങ്ങി.
”ക്രിസ്മസ്സല്ലെ?. കുട്ടികളെല്ലാർക്കും വേണ്ടി സമ്മാനം പൊതിഞ്ഞ്, പൊതിഞ്ഞ് സാന്റ ഒരു പാട് ക്ഷീണിച്ചു..അപ്പൊ സാന്റ വിചാരിച്ചു കുറച്ചു നേരം ഒന്ന് ഉറങ്ങി കളയാമെന്ന്“
”എന്നിട്ട്?“
”അങ്ങനെ, സാന്റാ സമ്മാനപ്പൊതിയൊക്കെ ചുറ്റും വെച്ച് ഉറങ്ങുമ്പോ..“
”ഉറങ്ങുമ്പോ..?“
”അപ്പോഴല്ലെ സാന്റയുടെ വണ്ടി വലിക്കണ മാൻ സാന്റയെ കാണുന്നത്..ഓടി ഓടി മാനും തളർന്നിരിക്കുവായിരുന്നു“
”എന്നിട്ട്?“
”സാന്റയുടെ താടി കണ്ടപ്പോ, മാൻ വിചാരിച്ചു എന്തോ കഴിക്കാനുള്ളതാണെന്ന്“
”ആഹാ!“
”മാൻ വന്ന് സാന്റയുടെ താടിയെല്ലാം തിന്നു കളഞ്ഞു!“
”ഓ!“ അവൻ രണ്ടു കൈയ്യും കവിളിൽ ചേർത്തു അത്ഭുതപ്പെട്ടു.
”ഇനിയിപ്പോ സാന്റ എന്തു ചെയ്യും?“ അവൻ ഉത്കണ്ഠയോടെ ചോദിച്ചു.
”അതിനൊരു വഴിയുണ്ട്“
”എന്തു വഴി?“
”സാന്റ വെപ്പു താടിയും വെച്ച് പോകും..അപ്പോ ആർക്കും ഒന്നും മനസ്സിലാവില്ലല്ലോ!“
അതു കേട്ട് അവൻ ചിരിക്കാൻ തുടങ്ങി.
“എനിക്ക് സാന്റയെ വരയ്ക്കണം” ഒരാവശ്യം പോലെ അവൻ പറഞ്ഞു.
“വരയ്ക്കാലോ..ഇപ്പൊ വരാം”
അതു പറഞ്ഞു ശബ്ദം അകന്നു.

പേജുകൾ മറിഞ്ഞു വീഴുന്ന ശബ്ദം.

അവന്റെ വിരലുകൾക്കിടയിലേക്ക് ഒരു പെൻസിൽ വന്നു കയറി.

“ദാ. ഇവിടെ വരച്ചോ” അയാൾ അവന്റെ കൈ കടലാസ്സിൽ മുട്ടിച്ചു.
അവൻ കടലാസ്സിൽ തന്നെ മിഴിച്ചു നോക്കി പെൻസിൽ ചലിപ്പിച്ചു.

ഇപ്പോൾ ഇവനെ കണ്ടാൽ കാഴ്ച്ചയില്ലെന്നു പറയൂല്ല..അയാൾ അവനെ തന്നെ നോക്കിയിരുന്നു.
കടലാസ്സിൽ മൂന്ന് നാല് വട്ടങ്ങൾ നിറഞ്ഞു. പെൻസിൽ നിർത്താതെ ഓടി കൊണ്ടിരുന്നു.
“ഇതു സാന്റയുടെ കണ്ണ്”
“ഇതു സാന്റയുടെ മീശ”
“ഇതു സാന്റയുടെ..വെപ്പു താടി!!” അതു പറഞ്ഞ് അവൻ ചിരിച്ചു.
കൂടെ അയാളും.
“നന്നായിട്ടുണ്ട് കേട്ടോ”
“കൊള്ളാമോ?”
“ഉം..നന്നായിരിക്കണുണ്ട്”

“ഞാൻ മറന്നു പോയി” പെട്ടെന്ന് ജോൺ പറഞ്ഞു.
“എന്ത്?”
“ഞാനും മറന്നു, സാന്റയും മറന്നു”
“എന്തു മറന്നു?”
“ഗിഫ്റ്റ്!! എന്റെ ഗിഫ്റ്റെവിടെ?”
“ഓ!” അയാൾ അരയിൽ തപ്പി നോക്കി. വില്യംസ് റോഡിലെ ഡോക്ടർ ഇക്ബാലിന്റെ വീട്ടിൽ നിന്നും..വജ്ര മോതിരം..
ഇവനെന്താണ് കൊടുക്കുക?. തിളങ്ങുന്ന വജ്രം പോലും..കരിക്കട്ടയാണിവന്..

“എന്താണ് മോന്റെ പേര്?”
“അയ്യെ.. സാന്റയ്ക്കറിയില്ലെ?..ജോണി..”

“ജോണിക്ക് സാന്റയൊരു സമ്മാനം കൊണ്ടു വന്നിട്ടുണ്ട്”
അയാൾ അവന്റെ വലിയ കണ്ണുകളിലേക്ക് തന്നെ നോക്കി ഇരുന്നു.
നിനക്ക് തരാൻ കൈയ്യിൽ ഒരു സമ്മാനമേ ഉള്ളൂ..ആർക്കും കാണാൻ പറ്റാത്ത, ആർക്കും തട്ടിയെടുക്കാൻ പറ്റാത്ത ഒരു സമ്മാനം..കൊച്ചു രാജുവിനു കൊടുക്കാനും ഈയൊരു സമ്മാനം മാത്രം..
അയാൾ അവന്റെ തുടുത്ത കവിളിലേക്ക് ചുണ്ടുകൾ ചേർത്തു.

പുറത്ത് അപ്പോൾ ഒരു ഹോൺ ശബ്ദം കേട്ടു. ഗേറ്റ് തുറക്കുന്നതു കാർ വരുന്നതും.
അയാൾ പെട്ടെന്ന് പിന്നോക്കം മാറി.
“സാന്റ പോവാണോ?”
“സാന്റയ്ക്ക് പോകാൻ സമയമായി..ഇനി ഒരുപാട് കുട്ടികൾക്ക് സമ്മാനം കൊടുക്കാനുള്ളതല്ലെ?”
“എന്നാ സാന്റ പൊയ്ക്കൊ”

കുറച്ച് കഴിഞ്ഞ് അവന്റ് അടുത്ത് യൂഡി കൊളോണിന്റേയും, എരിവു നിറഞ്ഞ പെർഫ്യൂമിന്റെയും മണം നിറഞ്ഞു.

“മോനെ..അതാരാ?..നിന്നെ വല്ലോ ചെയ്തോ?..” സംഭ്രമം നിറഞ്ഞ മമ്മിയുടെ ശബ്ദം.
“ഞാനകത്തേക്ക് പോയി നോക്കട്ടെ..” ഭയവും ആശങ്കയും നിറഞ്ഞ പുരുഷശബ്ദം. യൂഡി കൊളോൺ ഗന്ധം അകന്നു പോയി.

“പറ...ആരാണ് വന്നത്?..നീയെന്തിനാ താഴെയിരിക്കുന്നത്?”
അവൻ മുന്നിലിരിക്കുന്ന പുസ്തകത്തിൽ തൊട്ട് കൊണ്ട് പറഞ്ഞു,
“സാന്റാ..സാന്റ എനിക്ക് ഗിഫ്റ്റ് തന്നു”
“എന്തു ഗിഫ്റ്റ്? എവിടെ?”
അതിനുത്തരമൊന്നും അവൻ പറഞ്ഞില്ല. സ്വന്തം കവിളിൽ തലോടുകയല്ലാതെ..